

PARAMEKKAVU DEVASWOM
THRISSUR
POORAM
2025
തൃശ്ശൂർ
പൂരം
2025 മെയ് 6,7
ചൊവ്വ , ബുധൻ
1200 (മേടം 23,24)
പാറമേക്കാവ് ദേവസ്വം

പാറമേക്കാവ് ദേവസ്വം



# തൃശ്ശൂർ പൂരം 2025

## മെയ് 6, 7 ചൊവ്വ, ബുധൻ



മാന്യരെ,

ഈ വർഷവും മുറ തെറ്റാതെ എത്തുന്നു തൃശ്ശൂർ പൂരം, 2025 മെയ് 06 ചൊവ്വ, 07 ബുധൻ എന്നീ ദിവസങ്ങളിൽ. നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ് ആനയും ആനയെഴുന്നള്ളിപ്പും എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രസ്താവിച്ചത് ഇക്കഴിഞ്ഞ ദിവസമാണല്ലോ. അതായത് തല്പരകക്ഷികളായ ആരൊക്കെ ഏതെല്ലാം വിധത്തിൽ പിന്നോട്ടു വലിക്കാൻ ശ്രമിച്ചാലും സത്യമായ വസ്തുതകളും പാരമ്പര്യ മഹിമയും സംസ്ക്കാരത്തനിമയും എന്നെന്നും നില നിൽക്കും എന്നു തന്നെയാണ് വീണ്ടും വീണ്ടും തെളിയിക്കപ്പെടുന്നത്.

പുകൾപ്പെറ്റ തൃശ്ശൂർ പൂരത്തിൽ ആനകൾക്കും ആനയെഴുന്നള്ളിപ്പിനും അതിപ്രധാനമായ പങ്കാണ് നിർവ്വഹിക്കാനുള്ളത്. രാത്രിയെ പകലാക്കുന്ന പ്രകാശ സംവിധാനങ്ങളും വാനിലേക്ക് ഉയർന്ന് നിറച്ചാർത്ത് അണിയുന്ന പന്തലെടുപ്പുകളും ഒപ്പത്തിനൊപ്പം മത്സരിക്കുന്ന കുടമാറ്റവും വാദ്യവിശാരദന്മാരുടെ ഇലഞ്ഞിത്തറമേളം ഉൾപ്പെടെയുള്ള താള ചാരുതയും കരിമരുന്ന് ഒരുക്കുന്ന വർണ്ണാഭമായ വാനവിസ്മയങ്ങളും തൃശ്ശൂർ പൂരത്തെ മറ്റ് എല്ലാ ഉത്സവാഘോഷങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ബൃഹത്തായ ഒരു ജനസഞ്ചയം തന്നെ പൂരാസ്വാദകരായി എത്താറുണ്ട് എന്നതും ജനസഹസ്രങ്ങളുടെ മനസ്സിൽ തൃശ്ശൂർ പൂരത്തിനുള്ള സ്ഥാനം ഉച്ചൈസ്തരം വിളിച്ചോതുന്നു.

ഈ വർഷത്തെ തൃശ്ശൂർ പൂരം എല്ലാ അർത്ഥത്തിലും മഹനീയമാക്കുന്നതിനു വേണ്ടി ഉദാരമായ സാമ്പത്തിക സഹായങ്ങളും സഹകരണങ്ങളും ഏവരിൽ നിന്നും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. സംഭാവനകളും അഭിപ്രായങ്ങളും സെക്രട്ടറി, പാറമേക്കാവ് ദേവസ്വം, റൗണ്ട് ഈസ്റ്റ്, തൃശ്ശൂർ - 680 001 എന്ന വിലാസത്തിൽ അയക്കുമല്ലോ.

പാറമേക്കാവ് ഭഗവതിയുടെ അനുഗ്രഹാശിസ്സുകൾ എല്ലാവർക്കും എപ്പോഴും തുണയാകട്ടെ എന്ന പ്രാർത്ഥനയോടെ

ആഘോഷക്കമ്മിറ്റിക്കുവേണ്ടി,

ഡോ. എം. ബാലഗോപാൽ
പ്രസിഡണ്ട്

ജി. രാജേഷ്
സെക്രട്ടറി

സംഭാവനകൾ QR Code വഴി
അയക്കാവുന്നതാണ്
Mob. : 8304891773
E.mail : paramekkavil@gmail.com

20.03.2025

Dear Sir/Madam,

Thrissur Pooram which is attracting more and more global attention in recent years, will be celebrated this year with all the splendor and grandeur of grand mahamela on May 06th Tuesday & 07th Wednesday.

The three hour unforgettable percussion of the grand symphony known popularly as 'Elanjithara Melam' on pooram day afternoon, dazzling display known as 'Kudamattam' of thirty caparisoned elephants carrying people who flaunt horse - hair and peacock fans and huge, gold laced silk parasoles against the golden rays of the setting sun, famous 'panchavadyam' at pooram night and 'vedikettu' the enchanting illumination of the night sky with a deafening display of fireworks are some of the uniques of 'Thrissur Pooram'.

What makes Thrissur Pooram the Mahamela of such sublime grandeur is the great support received from thousands of people and numerous institutions and we take this opportunity to put on record our appreciation of the help rendered by you in the past. We also request you to extend your whole hearted support this year by generous contribution to make Thrissur Pooram a resounding success.

Your donations and valuable suggestions may kindly be sent to

The Secretary, Paramekkavu Devaswom
Round East, Thrissur – 680 001.

May Paramekkavu Bhagavathy shower her blessings on all.

For Festival Committee

**Dr. M. Balagopal**
President

**G. Rajesh**
Secretary





# തൃശ്ശൂർ പൂരം 2025

പാറമേക്കാവ് ദേവസ്വം

2025 ഏപ്രിൽ 30 ബുധനാഴ്ച
1200 മേടം 17
ഉച്ചയ്ക്ക് 12.30ന്
**കൊടിയേറ്റം**

2025 മെയ് 3 ശനിയാഴ്ച
1200 മേടം 20
രാത്രി 8 മണിക്ക്
**ചേറ്റുപുഴഇറക്കം**

2025 മെയ് 4 ഞായറാഴ്ച
1200 മേടം 21
**ചമയപ്രദർശനം**
രാവിലെ 10 മുതൽ
രാത്രി 10മണി വരെ

**സാമ്പിൾ വെടിക്കെട്ട്**
വൈകുന്നേരം 7 മണിമുതൽ

2025 മെയ് 5 തിങ്കളാഴ്ച
1200 മേടം 22
**ചമയപ്രദർശനം തുടരുന്നു**
രാവിലെ 10 മുതൽ രാത്രി 12 വരെ

2025 മെയ് 6 ചൊവ്വാഴ്ച
1200 മേടം 23
## തൃശ്ശൂർ പൂരം

ഉച്ചയ്ക്ക് 12 മണിക്ക്
**പൂരം പുറപ്പാട്**

ഉച്ചയ്ക്ക് 2.30ന്
**ഇലഞ്ഞിത്തറ മേളം**

വൈകുന്നേരം 5.30 മുതൽ
**തെക്കോട്ടിറക്കം**
**കുടമാറ്റം**

**രാത്രി എഴുന്നള്ളിപ്പ്**
രാത്രി 10.30 മുതൽ 2.30 വരെ
**പഞ്ചവാദ്യം**

2025 മെയ് 7 ബുധനാഴ്ച
1200 മേടം 24
പുലർച്ചെ 3 മണിക്ക്
**പ്രധാന വെടിക്കെട്ട്**

കാലത്ത് 7.30 മുതൽ
**പകൽപൂരം**

ഉച്ചയ്ക്ക് 12 മണിക്ക് ശേഷം
**ഉപചാരം ചൊല്ലൽ**
തുടർന്ന് പകൽ വെടിക്കെട്ട്

വൈകുന്നേരം 5 മണിക്ക്
**ആറാട്ട്**

വൈകുന്നേരം 6 മണി മുതൽ
**പഞ്ചവാദ്യം**

വൈകുന്നേരം 7 മണിക്ക്
**മേളം, കൊടിയിറക്കം**

പൂരം സ്പെഷൽ വഴിപാട്
**കുടസമർപ്പണം**




കൊടിയേറ്റം


ചേറ്റുപുഴഇറക്കം


ചമയപ്രദർശനം


സാമ്പിൾ വെടിക്കെട്ട്


പൂരം പുറപ്പാട്



ഇലഞ്ഞിത്തറമേളം


തെക്കോട്ടിറക്കം, കുടമാററം



# തൃശ്ശൂർ പൂരം 2025


രാത്രി എഴുന്നള്ളിപ്പ്


വെടിക്കെട്ട്


പകൽപൂരം


ഉപചാരംചൊല്ലൽ


ആറാട്ട്

Lumiere, Poothole, Thrissur Ph: 0487 2384990

